

1967ലെ അറബ്-ഇസ്രയേൽ യുദ്ധരംഗം

# ഫലസ്ത്വീൻ അജണ്ട ഇനി ഹമാസിന്റെ കൈകളിൽ




അഭിമുഖം

റാശിദുൽ ഗനൂഷി


ആദിമ നിവാസികളെ ഉന്മൂലനംചെയ്ത് ആ അവശിഷ്ടങ്ങളിൽ നാഗരികത കെട്ടിപ്പൊക്കിയ പാശ്ചാത്യർ തങ്ങളുടെ ചരിത്രത്തിന്റെ തന്നെ ഒരു മിനിയേച്ചർ രൂപമായിരിക്കുമോ ഇസ്രയേൽ നടത്തുന്ന കൂട്ടക്കുരുതിയിൽ കാണുന്നുണ്ടാവുക? ഇസ്‌ലാമിനോടുള്ള പാശ്ചാത്യ - ജൂത ശത്രുതയും ഇതോടൊപ്പം ചേർത്തുവെക്കുക. അതിന്റെ പ്രത്യക്ഷരൂപമാണ് മിക്ക അറബ് വേദികളെയും കൂട്ടുപിടിച്ചുള്ള 'ഭീകരത'ക്കെതിരെയുള്ള യുദ്ധം.

■ *ഗസ്സക്കെതിരെ ഇസ്രയേൽ നടത്തിയ യുദ്ധത്തെ താങ്കൾ എങ്ങനെ കാണുന്നു?*

മറ്റു യുദ്ധങ്ങളെപ്പോലെ ഇതും കടന്നാക്രമണം തന്നെയായിരുന്നു. യാതൊരു തരത്തിലുള്ള മൂല്യമോ ധാർമികതയോ പാലിക്കാത്ത, യുദ്ധമര്യാദകൾ കാറ്റിൽപറത്തിയ കടന്നാക്രമണം. ഈ 'യുദ്ധ'ത്തിൽ എതിർകക്ഷി 'ഗസ്സൻ സൈന്യ'മാണല്ലോ. സൈനിക യുക്തിയനുസരിച്ച് ഇങ്ങനെയൊരു സൈന്യം തന്നെയില്ല. കാരണം, ആയുധങ്ങളുടെയോ സന്നാഹങ്ങളുടെയോ കാര്യത്തിൽ യാതൊരു പൊരുത്തവും ഈ രണ്ടു വിഭാഗങ്ങൾ തമ്മിൽ ഇല്ല. ടാങ്കുകൾക്കു പകരം ടാങ്കുകളോ യുദ്ധവിമാനങ്ങൾക്കു പകരം യുദ്ധവിമാനങ്ങളോ ഇവിടെയില്ല. അതുകൊണ്ട് ഇത് ഗസ്സയുമായുള്ള യുദ്ധമല്ല, ഗസ്സക്കു മേലുള്ള യുദ്ധമാണ്.

പാശ്ചാത്യ ടെക്നോളജി വികസിപ്പിച്ചെടുത്ത അത്യാധുനിക നശീകരണായുധങ്ങൾ ഗസ്സയിൽ പ്രയോഗിക്കപ്പെടുകയുണ്ടായി. ഒരു ഇസ്രയേൽ വിമാനം ഇരമ്പിപ്പാഞ്ഞുവരുമ്പോൾ അതിനെ പ്രതിരോധിക്കാൻ ഗസ്സയുടെ ആകാശത്ത് ഒന്നുമില്ല. മനുഷ്യനെയും മരത്തെയും കല്ലിനെയും ഒന്നുപോലെ ചതക്കുന്ന കാർപ്പറ്റ് ബോംബിംഗാണ് പിന്നീട്. കത്തിപ്പിടിക്കുന്ന ഫോസ്ഫറസ് ബോംബുകളിടാൻ വരെ കൈയറക്കാത്ത ഒരു വിഭാഗം.

യുദ്ധവിമാനങ്ങൾ തീമഴ ചൊരിയുമ്പോൾ ടാങ്കുകളുടെ സുരക്ഷിതത്വത്തിൽ ഇരുന്ന് അതേ ലക്ഷ്യത്തിലേക്ക് വെടിയുണ്ട പായിക്കുന്നു മറ്റൊരു ഇസ്രയേൽ സൈനിക വ്യൂഹം. അവർക്ക് എല്ലാവിധ സഹായങ്ങളും എത്തിച്ചുകൊടുക്കാൻ തൊട്ടപ്പുറത്ത് കപ്പൽപട. ഗസ്സ നഗരത്തിന്റെ സംരക്ഷകരായ പോരാളികളുടെ കൈകളിൽ ഈ വൻ ആയുധസന്നാഹങ്ങളെ പ്രതിരോധിക്കാനുള്ള യാതൊരു കോപ്പുമില്ല.

ജനത്തിരക്കേറിയ തെരുവുകളിൽ കൂട്ടക്കൊലനടത്തിയും ആശുപത്രികളും സ്കൂളുകളും ബോംബെറിഞ്ഞ് തകർത്തുമാണ് ഇസ്രയേൽ 'വിജയം' അവകാശപ്പെടുന്നത്. യഥാർഥത്തിൽ ഇസ്രയേലിനെ യുദ്ധക്കുറ്റങ്ങൾക്ക് അന്താരാഷ്ട്ര കോടതിയിൽ വിചാരണ ചെയ്യുകയാണ് വേണ്ടത്. അത്രക്ക് മാരകവും മനുഷ്യത്വം തൊട്ടുതെറിച്ചിട്ടില്ലാത്തതുമായ സൈനിക ഭീകരതയാണ് ആ രാഷ്ട്രത്തിന്റേത്.

ഈ കടന്നാക്രമണത്തിൽ യുദ്ധ മര്യാദകളൊന്നും ഇസ്രയേൽ പാലിച്ചില്ല. സൈനികനെന്നോ സിവിലിയനെന്നോ വ്യത്യാസമില്ലാതെ അവർക്ക് നേരെ ആയുധങ്ങൾ പ്രയോഗിക്കുയായിരുന്നല്ലോ.

യഥാർഥത്തിൽ ഗസ്സ ഒരു 'ജയിലാ'ണ്. ഇവിടെയുള്ള ഒന്നര മില്യൻ 'തടവുകാർ'ക്കുമേൽ രണ്ട് കൊല്ലമായി ഒരു ഉപരോധമുണ്ട്. ഈ തടവുകാർക്ക് ഗ്രൂപ്പ് ലീഡർമാരെ നിശ്ചയിക്കാനുള്ള ഒരവസരം കൊടുത്തു. ഏമാന്മാർക്ക് ഇഷ്ടമില്ലാത്തവരെയാണ് അവർ നേതാക്കളായി തെരഞ്ഞെടുത്തത്. അതോടെ തുടങ്ങി പീഡനവും പട്ടിണിക്കിടലും. അവർ സഹായത്തിന് കേണെങ്കിലും ലോകം നിസ്സഹായത നടിച്ചു. പീഡനവും ഉപരോധവും തീവ്രമായി. ഇനി രക്ഷാമാർഗമില്ലെന്നുകണ്ട് ആ ജയിൽവാസികൾ ചെറുത്തു നിൽക്കാൻ തീരുമാനിക്കുകയായിരുന്നു. എങ്ങുനിന്നോ കടത്തിക്കൊണ്ടുവന്ന ശകലം അസംസ്കൃത വസ്തുക്കൾ മാത്രമാണ് ആകെക്കൂടിയുള്ളത്. ഏറുപടക്കംപോലുള്ള ചിലത് ഇവകൊണ്ട് ഉണ്ടാക്കാം. ശബ്ദത്തോടെ പൊട്ടും. ആളെ പേടിപ്പിക്കാം എന്നല്ലാതെ ഒരാൾക്കും ജീവഹാനി ഉണ്ടാവില്ല. ഹമാസ് നാനൂറ് റോക്കറ്റുകൾ തൊടുത്തുവിട്ടെങ്കിലും അതേറ്റ് ഒരാൾപോലും മരിച്ചില്ലെന്ന കാര്യം ശ്രദ്ധിക്കുക. സിയോണിസ്റ്റുകളുടെ ഭീരുത്വം കൊണ്ടാണ് ഒരു തരത്തിലുള്ള ശാക്തിക സംതുലനം ഉണ്ടെന്ന് തോന്നിച്ചത്. ജയിൽ കെട്ടിടങ്ങൾ തടവുകാരുടെ മേൽ തള്ളിയിട്ട് അവരെ നശിപ്പിക്കാനായിരുന്നു ശ്രമം. അതിന് അടുത്തും അകലെയുമുള്ള എല്ലാ സൗഹൃദങ്ങളും അവർ ഉപയോഗിച്ചു. എന്നിട്ടും സാധാരണ യുദ്ധത്തിൽ ഉപയോഗിക്കാറില്ലാത്ത ആയുധങ്ങൾ വരെ അവർ തടവുകാർക്കുമേൽ പ്രയോഗിച്ചു.




**ഗസ്സൻ കൊടുങ്കാറ്റിന് ശേഷമുള്ള വേലിയിറക്കത്തിൽ ഒരു പുതിയ അറബ് ലോകം പിറക്കാനിരിക്കുന്നതിന്റെ അടയാളങ്ങൾ ഞാൻ കാണുന്നു. ഫലസ്ത്വീൻപ്രശ്നത്തിന്റെ ആഴവും ഈ കടന്നാക്രമണത്തിലൂടെ വെളിപ്പെട്ടു. നിലനിൽക്കുന്ന എല്ലാ അറബ് ഭരണ സംവിധാനങ്ങളും നോക്കുകുത്തികളാണെന്ന് അത് കാണിച്ചുതന്നു. ശരത്കാലകാറ്റ് ഉണങ്ങിയ ചില്ലകളിലെ ഇലകൾ പൊഴിച്ചു കളയുന്നതുപോലെ, ഗസ്സൻ കൊടുങ്കാറ്റ് അറബ് സംവിധാനങ്ങളെ പറത്തിക്കളഞ്ഞിരിക്കുന്നു.**

■ *സൈനിക ഭാഷയിൽ ഇതിനെയൊരു യുദ്ധം എന്ന് വിശേഷിപ്പിക്കാൻ കഴിയുമോ?*

പേയിളകിയ മൃഗീയത എന്നാണ് ഞാനിതിനെ വിളിക്കുക. ഇതിനവർക്ക് പ്രചോദനം ലഭിക്കുന്നത് തൽമൂദിന്റെയും തോറയുടെയും ഇതിഹാസ പാരമ്പര്യങ്ങളിലുള്ള സിയോണിസ്റ്റ് രാഷ്ട്ര സങ്കൽപത്തിൽനിന്നാണ്. ദൈവാവതാരത്തിൽ അവർ വിശ്വസിക്കുന്നു. അഥവാ ഇസ്രയേൽസമൂഹം തന്നെ ദൈവാവതാരമാണ്. ദൈവം ആവേശിച്ചതിനാൽ 'തെരഞ്ഞെടുക്കപ്പെട്ട' ഈ വിഭാഗത്തിന് എന്തുംചെയ്യാം. ദൈവത്തിന്റെ ചെയ്തിയെ ആര് ചോദ്യംചെയ്യാൻ! ഇസ്രയേൽ സമൂഹത്തിന് പുറത്ത് യാതൊരു മാനുഷിക മൂല്യങ്ങളും നിലനിൽക്കുന്നില്ല എന്നാണ് അവരുടെ സങ്കൽപം.

ഫലസ്ത്വീനിലെ അടിസ്ഥാന ജനവിഭാഗങ്ങളെ ഉന്മൂലനം ചെയ്തേക്കൂ എന്ന് ആഹ്വാനംചെയ്യുന്ന നിരവധി പരാമർശങ്ങൾ തോറയിൽ ആവർത്തിച്ച് വന്നിരിക്കുന്നു. വാഗ്ദത്ത ഭൂമി അവർക്ക് സ്വന്തമായി ലഭിക്കാൻ വേണ്ടിയാണിത് (*പുറപ്പാട്* പുസ്തകം കാണുക).

ആദിമ നിവാസികളെ ഉന്മൂലനം ചെയ്താണല്ലോ പാശ്ചാത്യ രാഷ്ട്രങ്ങളും കെട്ടിപ്പടുക്കപ്പെട്ടത്. അതിനാൽ ഇസ്രയേലിന്റെ വംശീയ ഉന്മൂലന സിദ്ധാന്തത്തോട് അമേരിക്കക്ക് അനുഭാവമുണ്ടാവുക സ്വാഭാവികം. ഇസ്രയേലിന്റെ എല്ലാ വൃത്തികേടുകൾക്കും അവർ കൂട്ടുനിൽക്കുകയും ചെയ്യുന്നു. ആദിമ നിവാസികളെ ഉന്മൂലനംചെയ്ത് ആ അവശിഷ്ടങ്ങളിൽ നാഗരികത കെട്ടിപ്പൊക്കിയ പാശ്ചാത്യർ തങ്ങളുടെ ചരിത്രത്തിന്റെ തന്നെ ഒരു മിനിയേച്ചർ രൂപമായിരിക്കുമോ ഇസ്രയേൽ നടത്തുന്ന കൂട്ടക്കുരുതിയിൽ കാണുന്നുണ്ടാവുക? ഇസ്ലാമിനോടുള്ള പാശ്ചാത്യ-ജൂത ശത്രുതയും ഇതോടൊപ്പം ചേർത്തുവെക്കുക. അതിന്റെ പ്രത്യക്ഷരൂപമാണ് മിക്ക അറബ്

വേദികളെയും കൂട്ടുപിടിച്ചുള്ള 'ഭീകരത'ക്കെതിരെയുള്ള യുദ്ധം.

രാഷ്ട്രീയം, മീഡിയ, സാമ്പത്തികം തുടങ്ങി പാശ്ചാത്യ ജീവിതത്തിന്റെ സകല ബൗദ്ധിക-സാംസ്കാരിക-വ്യാവഹാരിക രംഗങ്ങളിലും സിയോണിസം പിടിമുറുക്കിയിട്ടുണ്ടെന്നു നാം മനസ്സിലാക്കണം. സിയോണിസ്റ്റുകൾ ഉദ്ദേശിച്ചതെന്തും നടപ്പാക്കാൻ ഇതവരെ സഹായിക്കുന്നു. സിയോണിസത്തിന്റെ തിന്മകളെ പിന്താങ്ങുകയേ പാശ്ചാത്യന് നിർവാഹമുള്ളൂ. ഇങ്ങനെയാണ് എല്ലാ നിയമങ്ങൾക്കും അതീതരാണ് സിയോണിസ്റ്റുകളെന്ന് വരുത്തിത്തീർത്തത്. മറ്റുള്ളവർക്ക് പാടില്ലാത്തത് ഇവർക്ക് പാടുണ്ട്. 'തെരഞ്ഞെടുക്കപ്പെട്ട' ജനത ആയതുകൊണ്ട് എല്ലാവർക്കും മുകളിലാണ് അവർ സ്വന്തത്തെ സ്ഥാനപ്പെടുത്തിയിരിക്കുന്നത്. ആരെങ്കിലും തങ്ങളുടെ മേധാവിത്വം ചോദ്യംചെയ്യുമ്പോൾ ഇവർക്ക് ഭ്രാന്തെടുക്കുന്നത് അതുകൊണ്ടാണ്. എത്രയധികം കൂട്ടക്കൊലനടത്തിയോ അത്രയധികം ഒരു നേതാവിന്റെ ജനസമ്മതി ഉയരും എന്ന ഒരുതരം മാനസിക രോഗാവസ്ഥയിലാണ് ഇസ്രയേലീ സമൂഹം. പിന്നെ ഇവർ ചെയ്യാത്ത ഭീകരകൃത്യങ്ങളുണ്ടാവുമോ? ഗസ്സയിലെ 'തടവുകാരെ' ഒതുക്കാൻ ഇനിയൊരായുധവും പ്രയോഗിക്കാൻ ബാക്കിയില്ലാത്തതിന് മറ്റെന്തുണ്ട് ന്യായം?



സഈദ് സിയാം

**ഹമാസ് ഒരു ആദർശപ്രസ്ഥാനമാണെന്നും വ്യക്തികൾ അതിൽ ഒന്നുമല്ലെന്നും എല്ലാവർക്കും അറിയുന്ന കാര്യമാണ്. എത്ര സമുന്നതരായ വ്യക്തികളെ നഷ്ടപ്പെട്ടാലും അതൊന്നും അതിന്റെ ശക്തിക്ക് പോറലേൽപിക്കില്ലെന്നു മാത്രമല്ല, അത്തരം ബലിയർപ്പണങ്ങൾ ഹമാസിന്റെ സ്വീകാര്യതയും ജനകീയതയും നിയമസാധുതയും വർധിപ്പിക്കുകയാണ് ചെയ്യുക.**

■ *ഈ യുദ്ധത്തിൽ മുസ്‌ലിംകളും അറബികളും എവിടെ നിൽക്കുന്നു?*

അറബ്-ഇസ്‌ലാമിക ലോകത്തുണ്ടായ ജനകീയ പ്രതികരണങ്ങളെയും ഔദ്യോഗിക നിലപാടുകളെയും മൊത്തം വിശകലനം ചെയ്താൽ നാമെത്തുന്ന തീർപ്പുകൾ ഇവയാണ്.

ഒന്ന്: അറബ്‌ലീഗ് പോലുള്ള സകല അറബ് വേദികളുടെയും ഉടുതുണി അഴിഞ്ഞിരിക്കുന്നു. ഈ വേദികളുടെയൊക്കെ വിധേയത്വം അമേരിക്കൻ ഭരണകൂടത്തോടാണ്. അറബ്-മുസ്‌ലിം ജനസഞ്ചയവുമായി എത്ര കാതം അകലെയാണ് ഇത്തരം വേദികളെന്ന് ഈ യുദ്ധം വെളിപ്പെടുത്തി.

രണ്ട്: ലോകാഭിപ്രായം രൂപപ്പെടുത്തുന്നതിൽ മുഖ്യപങ്കുവഹിക്കുന്നത് ഇസ്‌ലാമിക, ദേശീയ, ഇടതുപക്ഷ ധാരകളാണ്. ഈ ധാരകൾ അന്തർ ദേശീയ തലത്തിലും പ്രാദേശിക തലത്തിലും എത്ര ആഴത്തിലും ആർജവത്തിലും ഫലസ്ത്വീൻ പ്രശ്നം ഏറ്റെടുത്തു എന്ന് ഈ കടന്നാക്രമണം നമുക്ക് കാണിച്ചു തന്നു. ഫലസ്ത്വീൻ പ്രശ്നത്തിൽ, തെരുവുകൾ നിറഞ്ഞൊഴുകിയ ഇത്ര വലിയ പ്രതിഷേധ ജാഥകൾക്ക് ലോകം മുമ്പ് സാക്ഷിയായിട്ടില്ല.

മൂന്ന്: ഈ 'യുദ്ധ'ത്തിന്റെ ഏറ്റവും സുപ്രധാനമായ അനന്തരഫലം, ഫലസ്ത്വീൻ അജണ്ടയുടെ കടിഞ്ഞാൺ ഹമാസിന്റെ കൈകളിലേക്ക് വന്നു എന്നതാണ്. തൊള്ളായിരത്തി നാൽപതുകളുടെ അവസാനത്തിലും അത് അങ്ങനെതന്നെ ആയിരുന്നു. പിന്നീടാണ് എല്ലാ അറബി ഭരണ സംവിധാനങ്ങളെയും പിടിച്ചുകുലുക്കിയ 1948ലെ പരാജയം. തുടർന്ന് ഫലസ്ത്വീൻ വിമോചനം ലക്ഷ്യമാക്കി നിരവധി സംഘടനകൾ രംഗത്തുവന്നു. സോഷ്യലിസവും മതനിരാസ ദേശീയതയുമായിരുന്നു അക്കാലത്ത് രാഷ്ട്രീയ, സാംസ്കാരിക രംഗങ്ങളിൽ മേധാവിത്വം പുലർത്തിയിരുന്നത് എന്നതിനാൽ, ഫലസ്ത്വീൻ വിമോചനസമരവും ഈ വർണങ്ങളിലാണ് പ്രത്യക്ഷപ്പെട്ടത്. സയണിസത്തിന്റെ കൊടും പാറക്കൂട്ടങ്ങളിലിടിച്ച് ഈ സോഷ്യലിസ്റ്റ് -ദേശീയ വിമോചന പ്രസ്ഥാനങ്ങൾ കാലക്രമത്തിൽ പൊട്ടിത്തകർന്നു. അങ്ങനെയാണ് ശത്രുവിനെ പുറത്താക്കുകയല്ല, ശത്രുവുമായി സന്ധിചെയ്യുകയാണ് വേണ്ടത് എന്ന നിലപാടിൽ എത്തിയത്. ആത്മീയമായും ചിന്താപരമായും അടിത്തറ ഭദ്രമായ ഒരു ബദലിനെക്കുറിച്ച് അപ്പോഴേക്കും ഫലസ്ത്വീനികൾ ആലോചന തുടങ്ങിയിരുന്നു.

അങ്ങനെയാണ്, തീമഴയും ബോംബുകളും പെയ്തിറങ്ങിക്കൊണ്ടിരിക്കെ ഫലസ്ത്വീൻ എന്ന ദേശീയ അജണ്ടയുടെ കടിഞ്ഞാൺ ഹമാസ് കൈയേൽക്കുന്നത്. ഇവിടെ ഹമാസ് ഒറ്റക്കല്ല. ലോകത്തെമ്പാടുമുള്ള ഇസ്‌ലാമിസ്റ്റുകളും ദേശീയവാദികളും ഇടതുപക്ഷക്കാരുമൊക്കെ ഹമാസിന്റെ കൂടെയുണ്ട്.

ഇവിടെ വ്യക്തമായും രണ്ട് ചേരികൾ രൂപപ്പെട്ടു. ഒന്ന്, ഹമാസും മറ്റു ചെറുത്തുനിൽപ് സംഘങ്ങളും അവരെ പിന്തുണക്കുന്നവരും. രണ്ട്, സയണിസ്റ്റുകളും അവരുടെ സഖ്യകക്ഷികളും. ഈജിപ്ഷ്യൻ പ്രസിഡന്റ് ഹുസ്നി മുബാറക് ഫ്രഞ്ച് പ്രസിഡന്റ് സർകോസിയോട് പറഞ്ഞത് "എന്തൊക്കെ സംഭവിച്ചാലും ഹമാസ് തോൽപിക്കപ്പെട്ടേ പറ്റൂ" എന്നായിരുന്നല്ലോ. ആ ചേരിതിരിവ് നിങ്ങൾക്കിവിടെ തെളിഞ്ഞുകാണാം. ഇസ്രയേൽ വിദേശകാര്യ മന്ത്രി ലിവ്നിയും അതേ സ്വരത്തിൽ തന്നെ പ്രസ്താവനയിറക്കി. "യുദ്ധം ഫലസ്ത്വീനികളും ഇസ്രയേലും തമ്മിലല്ല, ഇസ്രയേലും അറബികളും തമ്മിലുമല്ല. മിതവാദികളുടെ ചേരിയും ഹമാസ് നേതൃത്വം കൊടുക്കുന്ന ഭീകരവാദികളുടെ ചേരിയും തമ്മിലാണ്."

ഇങ്ങനെ ചേരിതിരിവുണ്ടായതിൽ ഇസ്രയേലീ പത്രങ്ങളുടെ ആഹ്ലാദ പ്രകടനവും നാം കണ്ടു. ഒരു പത്രം എഴുതി: "മിക്ക അറബികളും ഹമാസിനെ സഹായിക്കാൻ ഇഷ്ടപ്പെടുന്നില്ല. ഇസ്രയേലിന്റെ കൈക്കൊണ്ട് ഹമാസ് തകർക്കപ്പെടണമെന്നാണ് അവരുടെ ആഗ്രഹം. കടുത്ത ജനകീയ സമ്മർദം ഉണ്ടായിട്ടും ഈജിപ്ത് ഉപരോധം നീക്കാൻ തയാറാവാതിരുന്നത് അതുകൊണ്ടാണ്."

ഗസ്സൻ കൊടുങ്കാറ്റിന് ശേഷമുള്ള വേലിയിറക്കത്തിൽ ഒരു പുതിയ അറബ് ലോകം പിറക്കാനിരിക്കുന്നതിന്റെ അടയാളങ്ങൾ ഞാൻ കാണുന്നു. ഫലസ്ത്വീൻപ്രശ്നത്തിന്റെ ആഴവും ഈ കടന്നാക്രമണത്തിലൂടെ വെളിപ്പെട്ടു. നില

നിൽക്കുന്ന എല്ലാ അറബ് ഭരണസംവിധാനങ്ങളും നോക്കുകുത്തികളാണെന്ന് അത് കാണിച്ചുതന്നു. ശരത്കാലകാറ്റ് ഉണങ്ങിയ ചില്ലകളിലെ ഇലകൾ പൊഴിച്ചു കളയുന്നതുപോലെ, ഗസ്സൻ കൊടുങ്കാറ്റ് അറബ് സംവിധാനങ്ങളെ പറത്തിക്കളഞ്ഞിരിക്കുന്നു. ഈ ധർമം തന്നെയാണ് സാധാരണ എല്ലാ യുദ്ധങ്ങളും നിറവേറ്റുക. അങ്ങനെയാണ് ജീവിതം പുതുക്കപ്പെടുകയും ചരിത്രത്തിന്റെ ചക്രം മുന്നോട്ട് ഉരുളുകയും ചെയ്യുന്നത്.

■ *താങ്കളുടെ അഭിപ്രായത്തിൽ ഈ യുദ്ധത്തിന്റെ യഥാർഥ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു? ആ ലക്ഷ്യങ്ങൾ ഇസ്രയേൽ നേടിയോ?*

വ്യക്തമായ ലക്ഷ്യങ്ങളില്ലാത്ത ഇസ്രയേലിന്റെ ആദ്യ



1948ലെ ഫലസ്ത്വീൻ അഭയാർഥി പ്രവാഹം

**ആയുധബലത്തിൽ മാത്രം നിലനിൽക്കുന്ന ഒരു രാഷ്ട്രത്തിന് തങ്ങളുടെ മേധാവിത്വം ഉറപ്പാക്കാൻ മറ്റെന്തു വഴി? സൈനിക നീക്കം തുടർച്ചയായി പരാജയപ്പെട്ടാലും വീണ്ടും വീണ്ടും സൈന്യത്തെ കയറൂരിവിടുകതന്നെ! പേബാധിച്ച മാനസികാവസ്ഥയിൽ എത്തിക്കഴിഞ്ഞ ഒരു സമൂഹത്തിന്റെ നേതൃത്വം കൈയടക്കാൻ വേറെ വഴികളില്ല.**

ത്തെ 'യുദ്ധം' ആണിത്. നിലവിലുള്ള ഇസ്രയേൽ പ്രധാനമന്ത്രി, ഇസ്രയേൽ സൈന്യത്തിന് തെക്കൻ ലബനാനിൽ നേരിട്ട തിരിച്ചടി മായ്ച്ചുകളയാനും തനിക്കെതിരെ ഉയർന്ന സാമ്പത്തിക ക്രമക്കേടുകൾ ജനശ്രദ്ധയിൽനിന്ന് മറച്ചു പിടിക്കാനുമാണ് യുദ്ധം തുടങ്ങിയത്. ഗസ്സയിലെ വിജയംതന്റെ പ്രതിഛായ മിനുക്കുമെന്ന് അദ്ദേഹം കണക്കുകൂട്ടി. പ്രധാനമന്ത്രി പദം സ്വപ്നംകാണുന്ന മറ്റു രണ്ട് നേതാക്കൾ, ഭ്രാന്തൻ സയണിസ്റ്റ് ദേശീയത ഊതിക്കത്തിച്ച് തങ്ങളുടെ 'അർഹത' തെളിയിക്കാനുള്ള ശ്രമത്തിലായിരുന്നു.

സയണിസ്റ്റ് ദേശീയ ഭ്രാന്തിനെ തൃപ്തിപ്പെടുത്താൻ സൈനിക നീക്കത്തിന് മാത്രമേ സാധിക്കുമായിരുന്നുള്ളൂ. സൈനിക ശക്തി ഒന്നുകൊണ്ട് മാത്രമാണല്ലോ ഇസ്രയേൽ അവിടെ നിലനിൽക്കുന്നതും. ഇസ്രയേൽ നടത്തിയ പല സൈനിക നീക്കങ്ങളും മൂക്കു കുത്തി വീണിട്ടുണ്ടെന്നതും നാം കണക്കിലെടുക്കണം. 1967ൽ അറബ് സൈന്യത്തെ നിലംപരിശാക്കിയതാണ് ഇസ്രയേലിന് ഉണ്ടായ മികച്ച സൈനിക വിജയം. പിന്നീട് ഈ വിജയം ആവർത്തിക്കാൻ കഴിഞ്ഞില്ല. എന്നല്ല, നാണംകെട്ട തോൽവിയായി ഓരോ സൈനിക നീക്കവും മാറുകയായിരുന്നു. 1982-ൽ ബൈറൂത്തിൽനിന്ന് പിൻവാങ്ങേണ്ടിവന്നു. 2000ൽ തെക്കൻ ലബനാൻ കൈവിട്ടു. പിന്നെ ഗസ്സയിൽനിന്നുള്ള പിന്മാറ്റം. 2006ൽ ലബനാനിൽനിന്നേറ്റ തിരിച്ചടി.

ആയുധബലത്തിൽ മാത്രം നിലനിൽക്കുന്ന ഒരു രാഷ്ട്രത്തിന് തങ്ങളുടെ മേധാവിത്വം ഉറപ്പാക്കാൻ മറ്റെന്തു വഴി? സൈനികനീക്കം തുടർച്ചയായി പരാജയപ്പെട്ടാലും വീണ്ടും വീണ്ടും സൈന്യത്തെ കയറൂരിവിടുകതന്നെ! പേബാധിച്ച മാനസികാവസ്ഥയിൽ എത്തിക്കഴിഞ്ഞ ഒരു സമൂഹത്തിന്റെ നേതൃത്വം കൈയടക്കാൻ വേറെ വഴികളില്ല.

യുദ്ധത്തിന് നേതൃത്വം നൽകിയ മൂവർ സംഘം നിർണിത ലക്ഷ്യങ്ങളൊന്നും വെളിപ്പെടുത്തിയിരുന്നില്ല. കഴിഞ്ഞ തെക്കൻ ലബനാൻ യുദ്ധത്തിൽ ഹിസ്ബുല്ലയെ നിരായുധീകരിക്കുക, തട്ടിക്കൊണ്ടുപോയ രണ്ട് സൈനികരെ മോചിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിൽ പരാജയപ്പെട്ടതിനാൽ ഈ നേതാക്കൾ ജനങ്ങളുടെ കുറ്റവിചാരണ നേരിടുകയായിരുന്നു. സമാനമായ ലക്ഷ്യങ്ങളാണ് ഗസ്സയിലും അവർക്ക് ഉണ്ടായിരുന്നത് എന്നാണ് സൂചന. അതായത്, തട്ടിക്കൊണ്ടുപോയ ഒരു സൈനികനെ മോചിപ്പിക്കുക, ഹമാസിനെ നിരായുധീകരിക്കുക. ലോകത്തെ അഞ്ചാമത്തെ സൈനികശക്തിക്ക് ആണവായുധങ്ങൾ ഒഴികെ മറ്റെല്ലാ ആയുധങ്ങളും നിർബാധം പ്രയോഗിച്ചിട്ടും ഈ ലക്ഷ്യങ്ങളൊന്നും നേടാനായില്ല. അതിനാൽ യുദ്ധലക്ഷ്യത്തെക്കുറിച്ച് പുകമറ സൃഷ്ടിക്കാനുള്ള ശ്രമമായി പിന്നീട്. ഹമാസിന്റെ ആയുധക്കള്ളക്കടത്ത് തടയുകയും അതിന്റെ റോക്കറ്റ് വിക്ഷേപണശേഷി കുറക്കുകയുമായിരുന്നു ലക്ഷ്യമെന്ന വിശദീകരണങ്ങൾ ഇതിന്റെ ഭാഗമാണ്.

പരാജയം മറച്ചുവെക്കാനുള്ള മറ്റൊരു പുകമറയാണ് സഈദ് സിയാമിനെപ്പോലുള്ള മുതിർന്ന ഹമാസ് നേതാക്കളുടെ വധം. നോക്കൂ, ഞങ്ങൾ ഹമാസിന്റെ തലതൊട്ടപ്പന്മാരെ കൊന്നിരിക്കുന്നു എന്ന് വീമ്പിളക്കിയാൽ, യുദ്ധജ്വരം ബാധിച്ച സമൂഹത്തെ തൃപ്തിപ്പെടുത്താൻ അത് മതിയായേക്കും. ഇസ്രയേലീ സമൂഹത്തെ നന്നായി തെറ്റിദ്ധരിപ്പിക്കാനും ഇതുവഴി അവരുടെ നേതാക്കൾക്ക് കഴിയും. ഹമാസ് ഒരു ആദർശപ്രസ്ഥാനമാണെന്നും വ്യക്തികൾ അതിൽ ഒന്നുമല്ലെന്നും എല്ലാവർക്കും അറിയുന്ന കാര്യമാണ്. എത്ര സമുന്നതരായ വ്യക്തികളെ നഷ്ടപ്പെട്ടാലും അതൊന്നും അതിന്റെ ശക്തിക്ക് പോറലേൽപിക്കില്ലെന്നു മാത്രമല്ല, അത്തരം ബലിയർപ്പണങ്ങൾ ഹമാ

സിന്റെ സ്വീകാര്യതയും ജനകീയതയും നിയമസാധുതയും വർധിപ്പിക്കുകയാണ് ചെയ്യുക.

■ *ഹമാസ് ഏതെങ്കിലും അർഥത്തിൽ ദുർബലമായിട്ടുണ്ടോ?*

ഇല്ല, ദുർബലമായത് സയണിസ്റ്റ് രാഷ്ട്രമാണ്. 1973 മുതൽ ഈ ശക്തിക്ഷയം വളരെ പ്രകടമാണ്. പോരാട്ടഭൂമിയിൽ ഇതിനിടക്ക് ആ രാഷ്ട്രത്തിന് കാര്യമായ ഒന്നും നേടാനായില്ല. അമേരിക്കയുടെയും മറ്റു പാശ്ചാത്യശക്തികളുടെയും കാർമികത്വത്തിൽ നടന്ന 'സമാധാന' ചർച്ചകളിൽ ഫലസ്ത്വീനിനെ പ്രതിനിധീകരിച്ചവർ നടത്തിയ അപമാനകരമായ വിട്ടുവീഴ്ചകൾ മാത്രമാണ് ഇസ്രയേലിന് എടുത്തു കാണിക്കാനുള്ളത്.

ലോകത്തെ ഏറ്റവും വലുതും മൃഗീയമെന്ന് മുദ്രകുത്തപ്പെട്ടതുമായ വിമോചന പ്രസ്ഥാനമായിരുന്നു ഫലസ്ത്വീനിലേത്. ആ പ്രസ്ഥാനം പിന്നീട് അധിനിവേശകന്റെ തിട്ടൂരങ്ങൾക്കൊത്ത് നീങ്ങുന്ന, ഫലസ്ത്വീനികൾക്ക് ചെറുത്തുനിൽപിനുള്ള അവകാശം നിഷേധിക്കുന്ന ഒന്നായി മാറി. ഓസ്‌ലോ പ്രസവിച്ച വികൃതമായ കുഞ്ഞാണ് ഫലസ്ത്വീൻ അതോറിറ്റി. യാതൊരുവിധ അധികാരവുമില്ലാത്ത ഒരു ബോഡി. ഓരോ ഫലസ്ത്വീനിയെയും ഇസ്രയേലീ നീരാളിക്കൈകളിലേക്ക് എറിഞ്ഞു കൊടുക്കാനേ ഇത് ഉപകാരപ്പെട്ടുള്ളൂ.

ലോകത്തെ ഏതെങ്കിലും ഒരു ഭരണകൂടം, തങ്ങളുടെ ഭൂപ്രദേശത്ത് മറ്റൊരു ഭരണകൂടം യഥേഷ്ടം അറസ്റ്റും കൂട്ടക്കൊലകളും നടത്തുന്നത് അനുവദിക്കുമോ? രാഷ്ട്രത്തലവന് പുറത്തിറങ്ങണമെങ്കിൽ പോലും മറ്റേ രാഷ്ട്രത്തിന്റെ അനുവാദം വേണമെന്നു വന്നാൽ ഇതിനേക്കാൾ വലിയ ദുരന്തവും അപമാനവും മറ്റെന്തുണ്ട്?

ഈ ഫലസ്ത്വീൻ അതോറിറ്റി വലിയൊരു വഴിതടസ്സമായിരുന്നു. എന്തൊക്കെ സഹിക്കേണ്ടിവന്നാലും അത് നീക്കാൻ തന്നെ ഫലസ്ത്വീനികൾ തീരുമാനിച്ചു. അങ്ങനെയവർ പോരാട്ടത്തിന്റെയും സ്വാതന്ത്ര്യസമരത്തിന്റെയും വഴികളിലേക്ക് തിരിച്ചുവന്നു. ചരിത്രത്തിലെ ഏറ്റവും അപകടകരവും വിനാശകരവുമായ ഒരു വഴിതെറ്റലിൽനിന്ന് ഫലസ്ത്വീൻ പ്രശ്നത്തെ അതിന്റെ യഥാർഥ വഴിയിലേക്ക് തിരിച്ചുകൊണ്ടുവരാൻ ഹമാസിനും സഖ്യകക്ഷികൾക്കും കഴിഞ്ഞു. ഫലസ്ത്വീൻ പ്രശ്നത്തെ നിർവീര്യമാക്കുന്ന കൃത്രിമസൃഷ്ടിയായ 'അതോറിറ്റി' ഇല്ലായിരുന്നെങ്കിൽ, ഹമാസിന് ഇടപെടേണ്ടിവരുമായിരുന്നില്ല. സമരത്തെ യഥാർഥ ട്രാക്കിലേക്ക് കൊണ്ടുവരിക മാത്രമാണ് അവർ ചെയ്തത്.

ഗസ്സയുടെ ഹൃദയഭാഗത്തേക്ക് കടക്കാനാവാതെ 22 ദിവസത്തിനു ശേഷം ഇസ്രയേൽ പിൻവാങ്ങുമ്പോഴും, റാമല്ലയിലും പടിഞ്ഞാറെ കരയുടെ മറ്റു ഭാഗങ്ങളിലും സയണിസ്റ്റ് അഴിഞ്ഞാട്ടത്തിന് ഒരു കുറവുമുണ്ടായില്ല. കൊലയും അറസ്റ്റും നശീകരണവും പതിവുപോലെ. എന്നിട്ടും മഹ്മൂദ് അബ്ബാസ് ഫലസ്ത്വീൻ അതോറിറ്റിയെപ്പറ്റി തന്നെ പറഞ്ഞുകൊണ്ടിരിക്കുന്നു! ഫലസ്ത്വീൻ ചെറുത്തുനിൽപിന്റെ ഉരുക്കുകോട്ടയായി ഹമാസിനെ ഫലസ്ത്വീനികളും ലോകമൊന്നടങ്കവും അംഗീകരിച്ചു എന്നതാണ് ഇതിന്റെ അനന്തരഫലം.

■ *താങ്കൾ താമസിക്കുന്ന ലണ്ടനിലും മറ്റു യൂറോപ്യൻ തലസ്ഥാനങ്ങളിലും ഇസ്രയേൽ ഭീകരതക്കെതിരെ കൂറ്റൻ പ്രതിഷേധ മാർച്ചുകൾ നടന്നിരുന്നല്ലോ. യൂറോപ്യൻ മുസ്‌ലിംകളിൽനിന്ന് ഇത്തരം സന്ദർഭങ്ങളിൽ താങ്കൾ എന്താണ് പ്രതീക്ഷിക്കുന്നത്?*

മുസ്‌ലിംകൾ യൂറോപ്പിൽ ഒരു പുതിയ പ്രതിഭാസമാണ്. പക്ഷേ അവർ വളരെ വേഗം വളർന്നു. കേവലം ഒരു പ്രവാസി സമൂഹത്തിൽനിന്ന്, യൂറോപ്പിലെ അടിസ്ഥാന ജനവിഭാഗങ്ങളിലൊന്നായി അവർ മാറിക്കഴിഞ്ഞു. ദീർഘകാലമായി പോരടിച്ചുകൊണ്ടിരിക്കുന്ന മുസ്‌ലിം -പാശ്ചാത്യ ലോകങ്ങളെ ബന്ധിപ്പിക്കുന്ന കണ്ണിയായി ഈ സമൂഹം മാറിക്കൊണ്ടിരിക്കുന്നു. ഇതുകാരണം ശത്രുതാപരമായ സമീപനവുമായി ഇരുലോകത്തിനും മുന്നോട്ടു പോകാൻ കഴിയാത്ത അവസ്ഥ സംജാതമാവും.

**ഇവിടെ വ്യക്തമായും രണ്ട് ചേരികൾ രൂപപ്പെട്ടു. ഒന്ന്, ഹമാസും മറ്റു ചെറുത്തുനിൽപ് സംഘങ്ങളും അവരെ പിന്തുണക്കുന്നവരും. രണ്ട്, സയണിസ്റ്റുകളും അവരുടെ സഖ്യകക്ഷികളും. ഈജിപ്ഷ്യൻ പ്രസിഡന്റ് ഹുസ്നി മുബാറക് ഫ്രഞ്ച് പ്രസിഡന്റ് സർകോസിയോട് പറഞ്ഞത് "എന്തൊക്കെ സംഭവിച്ചാലും ഹമാസ് തോൽപിക്കപ്പെട്ടേ പറ്റൂ" എന്നായിരുന്നല്ലോ. ആ ചേരിതിരിവ് നിങ്ങൾക്കിവിടെ തെളിഞ്ഞു കാണാം.**

പാശ്ചാത്യ തലസ്ഥാനങ്ങളിൽ ഇസ്രയേൽ അതിക്രമങ്ങൾക്കെതിരെ മില്യൻ കണക്കിന് ആളുകളാണ് അണിനിരന്നത്. ഇതിന് മുമ്പ് ഇതുപോലുള്ള കൂറ്റൻ പ്രകടനങ്ങൾ നടന്നത് അമേരിക്കയുടെ ഇറാഖ് അധിനിവേശക്കാലത്താണ്. ഈ രണ്ട് സന്ദർഭങ്ങളിലും ശ്രദ്ധേയമായ ഒരു കൂട്ടുകെട്ട് ഉയർന്നുവരികയുണ്ടായി. ഇസ്‌ലാമികാഭിമുഖ്യമുള്ളവരും സ്വതന്ത്ര ചിന്താഗതിക്കാരായ പാശ്ചാത്യരും തമ്മിലാണ് ആ കൂട്ടുകെട്ട്. ഈ സ്വതന്ത്ര ചിന്താഗതിക്കാരിൽ വലിയൊരു വിഭാഗം ഇടതുപക്ഷക്കാരാണ്. പുരോഗമനാശയക്കാരായ ജൂതസംഘടനകൾ (ഉദാ: നതോരി കർത്ത) വരെ അക്കൂട്ടത്തിലുണ്ട്. മുമ്പ് ഇടതുപക്ഷക്കാർ ഫലസ്ത്വീൻ പ്രശ്നത്തിൽ അത്രത്തോളം സജീവമായി ഇടപെട്ടിരുന്നില്ല. ഇസ്രയേൽ സിവിലിയന്മാർക്ക് നേരെ നടത്തിയ കൊടുംക്രൂരതകളാണ് അവരെ മാറിച്ചിന്തിപ്പിച്ചത്.

ഭാവിയിൽ ഈ കൂട്ടുകെട്ടിനെ പാശ്ചാത്യ രാഷ്ട്രങ്ങൾക്ക് അവഗണിക്കാൻ കഴിയില്ല എന്നാണ് ഞാൻ കരുതുന്നത്. പ്രത്യേകിച്ച്, ഇസ്‌ലാമും മുസ്‌ലിംകളുമായി ബന്ധപ്പെട്ട ഒരു വിഷയം വരുമ്പോൾ ഈ കൂട്ടുകെട്ടിന്റെ നിലപാടെന്ത് എന്ന് ഭരണാധികാരികൾ അന്വേഷിക്കേണ്ടിവരും. ഇത് തീർത്തും പുതിയ മാറ്റമാണ്. ഇസ്രയേലിന് അനുകൂലമായി പാശ്ചാത്യ രാഷ്ട്രങ്ങൾക്ക് കണ്ണും ചിമ്മി നയങ്ങൾ സ്വീകരിക്കാനുമാവില്ല. ഇത് ഇസ്രയേലിന് ഉറക്കമില്ലാത്ത രാത്രികൾ സമ്മാനിക്കും. കാരണം, ഇസ്രയേലിന്റെ നിലനിൽപു തന്നെ പാശ്ചാത്യ സഹായത്തെ ആശ്രയിച്ചാണല്ലോ.

പാശ്ചാത്യ രാഷ്ട്രീയ തീരുമാനങ്ങളെ സ്വാധീനിക്കാനുള്ള അപാരമായ ശേഷിയുണ്ട് ജൂതലോബിക്ക്. മുസ്‌ലിംകൾക്ക് പെട്ടെന്നൊന്നും അതിനോട് കിടപിടിക്കാനാവില്ല. എന്നാൽ ജനസംഖ്യാപരമായി പാശ്ചാത്യദേശത്ത് ഭാവി മുസ്‌ലിംകൾക്ക് അനുകൂലമാവുമെന്ന് കരുതാം. കാരണം അവിടങ്ങളിൽ ജൂത ജനസംഖ്യ കുറയുകയും മുസ്‌ലിം ജനസംഖ്യ വർധിക്കുകയുമാണ്. പാശ്ചാത്യ നയരൂപീകരണത്തിൽ ഇസ്‌ലാമിക ഘടകങ്ങൾക്ക് സ്വാധീനം ചെലുത്താനായാൽ അത് ഇത്തരം ഏകപക്ഷീയ കടന്നാക്രമണങ്ങൾക്ക് അറുതിവരുത്തും. യുദ്ധം ഒഴിവാക്കപ്പെടുമെന്നതിനാൽ അത് മുഴുവൻ ലോകത്തിനും അനുഗ്രഹമായി ഭവിക്കും. ■

(*ഇസ്‌ലാം ഓൺലൈൻ നെറ്റ്* നടത്തിയ അഭിമുഖം)